കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(പി.10)1576/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം.
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 10.12.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരുറിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം(പി.10)1576/2019 തീയതി – 10/12/2019

## എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ **കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷങ്ങളിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.10.2018 മുതൽ 31.07.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ് കെ.കെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-8-19 മുതൽ 31-8-19വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സുരേഷ് എസ്.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷെഫീക്ക് എം.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജീവ് ആർ.<br>സീനി.ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.മാർട്ടിൻ ആന്റണി | 01.4.2018 | 31.3.2019 |

### സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺസ്

| | | | |
|---|---|---|---|
| ധനകാര്യം | ശ്രീമതി.അമല ബാബു | 01.4.18 | 31.3.2019 |
| വികസന കാര്യം | ശ്രീ. കെ.കെ.സുരേഷ് ബാബു | 01.4.18 | 31.3.2019 |
| ക്ഷേമകാര്യം | ശ്രീ.എൻ.എസ്.സുബീഷ് | 01.4.18 | 31.3.2019 |
| [illegible] | [illegible] | | |

| | | | |
|---|---|---|---|
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ.മാർഗ്രേറ്റ് ലോറൻസ് | 01.4.18 | 31.3.2019 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | രാജൻ.പി.എസ്. | 1-4-18 മുതൽ 5-8-18വരെ |
| | അജിത.ബി | 6-8-18 മുതൽ 27-3-19വരെ |
| | അശോകൻ.എച്ച് | 28-3-19 മുതൽ 31-3-19വരെ അഡി.ചാർജ്ജ് |
| അസി.സെക്രട്ടറി | അശോകൻ.എച്ച് | 1-4-18 മുതൽ 31-3-19വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡേ.അനിൽ കുമാർ | 1-4-18 മുതൽ 31-3-19വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ശ്രീദേവി ലക്ഷ്മി കാർത്തികേയൻ | 1-4-18 മുതൽ 9-06-18 വരെ 10-06-18 മുതൽ 31-3-19വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയാ | മേരി മാർഗരറ്റ് സുനിതാജോർജ്ജ് | 1-4-18മുതൽ 17-06-18വരെ 18-06-18മുതൽ 31-3-19വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി .ശാരദ | 1-4-18 മുതൽ 31-3-19വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സഹീദ | 1-4-18 മുതൽ 31-3-19വരെ |
| വെറ്ററിനറി സർജൻ | റാണാരാജ് | 1-4-18 മുതൽ 31-3-19വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, **കുമ്പളങ്ങി സെന്റർ** | സുനിൽ രാജ് | 1-4-18 മുതൽ 31-3-19വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, **കുമ്പളങ്ങി സൗത്ത്** | രാജേശ്വരി.കെ ദേവദാസ് | 1-4-18 മുതൽ 31-5-18വരെ 1-06-18മുതൽ 31-3-19വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, **കുമ്പളങ്ങി നോർത്ത്** | ടെസ്സ ടെരിറ്റ മേരി സവിത | 1-4-18 മുതൽ 20-6-18വരെ 21-06-18മുതൽ 31-3-19വരെ |
| എെ.സി.ഡി.എസ്. സൂപ്പർ വൈസർ | എഞ്ചൽ ജിൻസി.കെ.ജെ ബിന്ദുമോൾ.പി.എസ് | 1-4-18 മുതൽ 9-08-18വരെ 10-08-18മുതൽ 31-3-19വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ദിവ്യ ജെ. ബാബു | 1-4-18 മുതൽ 31-3-19വരെ |
| എച്ച്.എം., ജി.യു.പി.എസ് | അനിൽ കുമാർ എം.എൻ. | 1-4-18 മുതൽ 31-3-19വരെ |

**ഉള്ളടക്കം**


| ക്രമ നം. | **ഭാഗം – 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | പദ്ധതി അവലോകനം | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | ക്ഷേമപദ്ധതികൾ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകത | 1-12 |
| 13 | തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് (FTE &S) - സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-13 |
| 14 | തൊഴിൽ നികുതി പിരിവിൽ അപാകത | 1-14 |
| 15 | സാംഖ്യാ സോഫ്റ്റ് വെയറിലെ ന്യൂനതകൾ പരിഹരിക്കുന്നില്ല. | 1-15 |
| 16 | ലേല വിഹിതം, പലിശ എന്നിവ ഈടാക്കാത്തതുമൂലം നഷ്ടം | 1-16 |
| 17 | വസ്തു നികുതി നിർണ്ണയം, അനധികൃത നിർമ്മാണം- പൊതുവായ അപാകതകൾ | 1-17 |
| 18 | ബിൽഡിംഗ് പെർമിറ്റ് -അപാകതകൾ | 1-18 |
| 19 | നടീൽവസ്തുക്കൾ വിതരണം- അധിക സബ് സിഡി നല്കിയതു മൂലം നഷ്ടം | 1-19 |
| 20 | LED ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ - ഉയർന്ന നിരക്ക് അനുവദിച്ചു | 1-20 |
| 21 | സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയിൽ അപാകത – തടസ്സം,40000രൂപ | 1-21 |
| 22 | ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ-പണം നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 1-22 |
| 23 | സർക്കാർ നിർദ്ദേശം പാലിക്കാതെ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തി | 1-23 |
| 24 | മുൻകൂർ തുക കൈപ്പറ്റിയിട്ടുംപ്രിന്ററുകൾ, മരുന്ന്, പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തില്ല -തടസ്സം 134814 രൂപ | 1-24 |
| 25 | പരസ്യങ്ങൾ നല്കിയതിലെ അപാകതമൂലം നഷ്ടം | 1-25 |
| 26 | ബഡ്സ് സ്കൂളിന്റെ വാഹനംഇൻഷ്വറൻസ് പ്രീമിയം-നോ ക്ലെയിം ബോണസ് ലഭിക്കാത്തത് സംബന്ധിച്ച് | 1-26 |

| | | |
|---|---|---|
| 27 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-തടസ്സം 323248രൂപ | 1-27 |
| | **ഭാഗം – 2** | |
| | **ഇല്ല** | |
| | **ഭാഗം – 3** | |
| 28 | ആർജിത അവധി സറണ്ടർ- അധിക തുക അനുവദിച്ചത് മൂലമുള്ള നഷ്ടം | 3-1 |
| 29 | കെർബ് വാളിന്റെ അളവ് കുറവ് ചെയ്തില്ല – അധികം നൽകിയത് 56687 | 3-2 |
| 30 | കൃഷി ഭവന് അടിസ്ഥാന സൗകര്യ വികസനം - അധിക വില നൽകി ലാപ് ടോപ്പ് വാങ്ങി | 3-3 |
| | **ഭാഗം – 4** | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2018-19 | അനുബന്ധം – 1 |
| 42 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്- 2018-19 | അനുബന്ധം – 2 |
| 43 | റസീപ്റ്റ് &പേയ്മെൻറ് സ്റ്റേറ്റ്മെന്റ് 2018-19 | അനുബന്ധം-3 |
| 44 | ബാലൻസ് ഷീറ്റ് 2018-19 | അനുബന്ധം – 4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24-03-18 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 31.05.2019 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | ഈ റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട് | വിശേഷണങ്ങളോടു കൂടിയത് |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16187838.15 |
| വരവ് | 79733570.00 |
| ആകെ | 95921408.15 |
| ചെലവ് | 75303679.00 |
| നീക്കിയിരിപ്പ് | 20617729.15 |

# 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | ഒ ബി | അലോട്ട്മെന്റ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 20318000 | 17650497 | 17650497 | 17650497 | - |
| വികസന ഫണ്ട്-എസ്.സി.പി.(ACR പ്രകാരം) | | | 472000 | 4713161 | 4713161 | 4713161 | - |
| വികസന ഫണ്ട് – ടി.എസ്.പി.(ACR പ്രകാരം) | | | 44000 | 44000 | 44000 | 44000 | - |
| മെയിൻറനൻസ്, റോഡ് (ACR പ്രകാരം) | | | 1251000 | 952528 | 952528 | 952528 | - |
| മെയിൻറനൻസ്, നോൺ റോഡ്(ACR പ്രകാരം) | | | 44440000 | 3643231 | 3643231 | 3643231 | - |
| സി.എഫ്.സി | | | 10214393 | 8020476 | 8020476 | 8020476 | - |
| സാക്ഷരത | | 2408 | - | 318 | 2726 | ഇല്ല | 2726 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | - | 21993142 | 21993142 | 21993142 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 924 | - | 250832 | 251756 | 251175 | 581 |
| ജോയിൻറ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | ഇല്ല | - | 4800698 | 4800698 | 3722740 | 1077958 |
| | ജില്ലാ പഞ്ചായത്ത് | ഇല്ല | - | 2530000 | 2530000 | 2112214 | 417786 |
| തനത് ഫണ്ട് | ബാങ്ക് | 7790371 | - | 5356739 | 13147110 | 5104947 | 8042163 |

| | | | | | | | |
|---|---|---|---|---|---|---|---|
| | അക്കൌണ്ട് | | | | | | |
| | ട്രഷറി അക്കൌണ്ട് (ജനറൽ പർപ്പസ് ഗ്രാൻറ് ഉൾപ്പെടെ) | 489596 | - | 12478167 | 12967763 | 10921239 | 2046524 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 924 | 288831 | 289755 | 289174 | 581 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21993142 | 21993142 | 21993142 | 0 |
| ആകെ | 924 | 22281973 | 22282897 | 22282316 | 581 |

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-08-2019 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37710/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-8 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 140 | 89081097 | 100 | 56928815 | 29 | 11 | 71 |

.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

1. രജിസ്റ്ററുകളും ചെലവുരേഖകളും തൃപ്തികരമായ രീതിയിൽ സൂക്ഷിച്ചു പോരുന്നു.

2. ചരക്കുകളുടേയും സേവനങ്ങളുടേയുംവാർഷിക വാങ്ങലുകൾക്ക് വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6. u/a രജിസ്റ്റർ 2012-13 മുതൽ 02/2019 വരെ എഴുതി സൂക്ഷിച്ചിട്ടില്ല.

7 സ്ഥാപന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

8. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# 1-10 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 132000 | 159 |
| കർഷകതൊഴിലാളി പെൻഷൻ | 1225600 | 289 |
| വിധവാപെൻഷൻ | 10357300 | 2470 |
| വാർദ്ധക്യകാല പെൻഷൻ | 28557200 | 7442 |
| വികലാംഗപെൻഷൻ | 3625900 | 835 |
| വിവാഹധനസഹായം | | |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1692000 | 401 |

.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-01-19 | 12/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിററ് | ലഭ്യമാക്കിയില്ല | 2009-10 | ലഭിച്ചിട്ടില്ല |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-13 തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് (FTE &S) - സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 205 (ബി) പ്രകാരം കെട്ടിട ഉടമകൾക്ക്, വ്യാപാരങ്ങൾക്കും മറ്റും കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിച്ചിട്ടില്ല. ഓരോ വർഷവും ലൈസൻസിനായി നൽകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷത്തേക്കായി മാത്രം ലിസ്റ്റ് തയ്യാറാക്കുന്നു. തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിനും, ഡി & ഒ ട്രേഡ് ലൈസൻസ് (FTE &S)നൽകേണ്ടതിനും അടിസ്ഥാനമാക്കേണ്ട സ്ഥാപനങ്ങളുടെ ആധികാരികമായ ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കുന്നില്ല .ടി വിഷയത്തിൻ മേൽ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ്(FTE &S), തൊഴിൽ നികുതി എന്നിവയുടെ പരിധിയിൽ കൊണ്ടുവരേണ്ട വിഷയം ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 തൊഴിൽ നികുതി പിരിവിൽ അപാകത

1) സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പരിശോധനയ്ക്ക് നൽകിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപനങ്ങളുടെ പത്രികകൾ എന്നിവയുടെ പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെസ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ. കുമ്പളങ്ങി | 2018-19 ഒന്നും, രണ്ടും |
| 2 | കെ.എസ്.ഇ.ബി. മട്ടാഞ്ചേരി | ,, |
| 3 | ജിയോ വി.പി.എൽ.ഫിനാൻസ് | ,, |
| 4 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് | ,, |
| 5 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് | ,, |
| 6 | കുമ്പളങ്ങി സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ,, |
| 7 | ഫെഡറൽ ബാങ്ക് | രണ്ടാം അർദ്ധവർഷം |

2) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

17-18, 18-19 എന്നീ വർഷങ്ങളിൽ ഡെൽകോ എഞ്ചിനിയറിംഗ് വർക്സ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-15 സാംഖ്യാ സോഫ്റ്റ് വെയറിലെ ന്യൂനതകൾ പരിഹരിക്കുന്നില്ല.

സാംഖ്യാ സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്ത ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ള ചെക്കുകളും ഇതിൽ ഉൾപ്പെട്ടതായി കണ്ടു. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുന്ന ചെക്കുകളും ഡ്രാഫ്റ്റുകളും രേഖപ്പെടുത്തുന്ന ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയ ചെക്കുകൾ ഉൾപ്പെട്ടത് സോഫ്റ്റ്‌വെയറിന്റെ അപാകതമൂലമാണോയെന്ന് വിശദീകരിക്കേണ്ടതാണ്. അപാകതയാണെങ്കിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

ചില ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമനം. | രജിസ്റ്ററിലെ ക്രമ നം. | രസീത് നം., തീയതി | ചെക്ക് നം. | തുക |
|---|---|---|---|---|
| 1 | 20 | 118010500010/16.11.18 | 600276 | 835 |
| 2 | 28 | 118010500011/21.02.19 | 2430779 | 46307 |
| 3 | 30 | 118010500012/13.03.19 | 600414 | 8400 |
| 4 | 31 | 118010500013/25.03.19 | 2357314 | 32430 |

ഈ അപാകത ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ടതാണ്.

# 1-16 ലേല വിഹിതം, പലിശ എന്നിവ ഈടാക്കാത്തതുമൂലം നഷ്ടം

1) ലയ കുടുംബശ്രീ അംഗങ്ങളായ ഡെൻസി ഷീജൻ, ഗോസ്മി അഗസ്റ്റിൻ, ഷീലാ മാത്യൂസ്, ഗിരിജാ ധർമരാജൻ എന്നിവർ 2018-19 വർഷം കുമ്പളങ്ങി പാർക്ക് നടത്തിപ്പിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം ലേലത്തുകയായ 75,000/-രൂപയുടെ നാലിലൊന്നായ 18750/- രൂപ വീതം 17.10.18, 17.01.19, 17.04.19, 17.07.19 എന്നീ തീയതികളിൽ ഒടുക്കേണ്ടതാണ്, തുക ഒടുക്കാത്ത പക്ഷം 18% പലിശ സഹിതം തുക ഈടാക്കേണ്ടതാണ്. എന്നാൽ ഇവർ 17.10.18 ലെ ആദ്യ ഗഡു മാത്രമാണ് കൃത്യമായി ഒടുക്കിയുള്ളൂ. 17.01.19 ലെ ഗഡു 08.02.19 ലാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ ബാധകമായ പലിശ ഈടാക്കിയിട്ടില്ല. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി ഗഡുക്കൾ എല്ലാം ഈടാക്കിയിട്ടുണ്ടെന്നും എന്നാൽ പലിശ ഈടാക്കിയിട്ടില്ലായെന്നും പലിശ ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ബാധകമായ പലിശ ഈടാക്കി അറിയിക്കേണ്ടതാണ്.

2) ചെല്ലാനം ഗ്രാമപഞ്ചായത്ത് നടത്തുന്ന പരുത്തിത്തോട് ചാൽ ലേലത്തിന്റെ വിഹിതം കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതാണ്. 2018-19 വർഷത്തെ ലേല വിഹിതം കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ലഭിച്ച വിവരം അറിയിക്കേണ്ടതുമാണ്.

# 1-17 വസ്തു നികുതി നിർണ്ണയം, അനധികൃത നിർമ്മാണം- പൊതുവായ അപാകതകൾ

താഴെപ്പറയുന്നവരുടെ ഉടമസ്ഥതയിലുള്ള കടമുറികൾക്ക് വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവുള്ളതായി കാണുന്നു. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന്റെ 24-01-2009 തീയതിയിൽ പ്രസിദ്ധപ്പെടുത്തിയ നോട്ടീസ് പ്രകാരം കടമുറികൾക്ക് ചുമത്തേണ്ട $50/m^2$ രൂപ നിരക്കിനു പകരം ഓഫീസ് കെട്ടിടങ്ങൾക്ക് ചുമത്തേണ്ട 45/- രൂപയാണ് ചുമത്തിയിട്ടുള്ളത്.

| ക്രമ നം | കെട്ടിട നം., പേര്, മേൽവിലാസം | വിസ്തീർണ്ണം | ഇളവിനുശേഷം ചുമത്തേണ്ട നികുതി | ചുമത്തിയ നികുതി | കുറവ്, ബാധകമായ തീയതി |
|---|---|---|---|---|---|
| 1 | പീറ്റർ മകൻ ജോയ്, കോച്ചേരി, കുമ്പളങ്ങി തെക്ക് | 32.68 sq.m | 1471 | 1324 | 147/ 24.11.18 |
| 2 | എൽസി ജോഷി, വല്ലോംപറമ്പിൽ, കുമ്പളങ്ങി | 24.9 sq.m. | 1064 | 959 | 105/14.09.18 |
| | ആകെ | | | | 252/- രൂപ |

ഈ അപാകതയ്ക്ക് വിശദീകരണം നൽകിയിട്ടില്ല. ഈ രീതിയിൽ നികുതി നിശ്ചയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിശ്ചയിച്ച് പഞ്ചായത്തിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

2. സേവ്യർ, വെളിപ്പറമ്പിൽ, കുമ്പളങ്ങി എന്നയാളുടെ ഉടമസ്ഥതയിലുള്ള യു.എ.നം.1/23B എന്ന അനധികൃത കെട്ടിടത്തിന് യു.എ.നമ്പർ നൽകേണ്ടതില്ല എന്ന കെട്ടിട ഉടമയുടെ ആവശ്യത്തെ തുടർന്ന് നല്കിയ നമ്പർ പിൻവലിച്ചിട്ടുണ്ട്. ആയതിനാൽ അനധികൃത നിർമ്മാണങ്ങൾക്ക് ബാധകമായ നികുതി ഈടാക്കുന്നില്ല. അനധികൃത നിർമ്മാണത്തിനെതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2012-13 മുതൽ 05.03.19 വരെ അനധികൃത നിർമ്മാണങ്ങൾ യു.എ.രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

# 1-18 ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ

2011ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ മുപ്പതു ദിവസത്തിനുള്ളിൽ നടപടിയെടുക്കണം എന്നിരിക്കെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം 18-19 വർഷം ലഭിച്ച 40 അപേക്ഷകളിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ആകെ ലഭിച്ച അപേക്ഷ | പെർമിറ്റ് നല്കിയത് | നിരസിച്ചത് | നാളിതുവരെ നടപടി സ്വീകരിക്കാത്തത് |
|---|---|---|---|
| 458 | 397 | 21 | 40 |

തീർപ്പാക്കാൻ അവശേഷിക്കുന്ന 40ബിൽഡിംഗ് പെർമിറ്റ്അപേക്ഷകൾ തീർപ്പാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ബിൽഡിംഗ് പെർമിറ്റിനായി ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ടി വിഷയം ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-19 നടീൽവസ്തുക്കൾ വിതരണം- അധിക സബ് സിഡി നല്കിയതു മൂലം നഷ്ടം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | S019/18-19, നടീൽ വസ്തുക്കൾ വിതരണം |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) – 85,050/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് | ബിൽ നം.02/18-19/03.10.18, ₹60000/-<br>ബിൽ നം.14/18-19/26.02.19, ₹25050/-<br>---------------<br>₹85,050/- |

നേര്യമംഗലത്തുള്ള ജില്ലാ അഗ്രിക്കൾച്ചറൽ ഫാമിൽ നിന്ന് 25.09.18ലെ ഇൻവോയ്സ് നമ്പർ 51/2018-19/ DAFN പ്രകാരം 400 കുറ്റികുരുമുളക് തൈകളും, 19.02.19ലെ 102/18-19/ DAFN 167 നമ്പർ ഇൻവോയ്സ് പ്രകാരം 167 കുറ്റികുരുമുളക് തൈകളും വാങ്ങിയിട്ടുണ്ട്. ജില്ലാ അഗ്രിക്കൾച്ചറൽ ഫാമുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ, ഒരു കുരുമുളക് തൈ, പോട്ടിംഗ് മിശ്രിതം എന്നിവ ഉൾപ്പെട്ട ഗ്രോബാഗാണ് ഒന്നിന് നൂറ്റൻപത് രൂപാ വീതം നൽകിയതെന്ന് അറിയിച്ചു, കൂടാതെ ലഭ്യമാക്കിയ ബില്ലിൽ ഗ്രോബാഗ് ഒന്നിന് നൂറ്റൻപത് രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം കുരുമുളക് തൈകൾ 100% സബ്സിഡി നിരക്കിൽ നൽകാമെങ്കിലും, ഗ്രോബാഗ്, പോട്ടിംഗ് മിശ്രിതം ഉൾപ്പടെ തൈകൾ നല്കുമ്പോൾ 75% ആണ് സബ്സിഡി നൽകാവുന്നത്. ആയതിനാൽ 85,050 രൂപയുടെ 75% ആയ 63,788 രൂപ വികസന ഫണ്ടിൽ നിന്നും ബാക്കി 21,262 രൂപ ഗുണഭോക്തൃ വിഹിതമായി ഈടാക്കിയും തുക നൽകണമായിരുന്നെങ്കിലും മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്ന് നൽകി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുക ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി അറിയിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ₹21262/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-20 LED ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ - ഉയർന്ന നിരക്ക് അനുവദിച്ചു

| | |
|---|---|
| പ്രവൃത്തി | എം സി ബി മാറ്റി സ്ഥാപിച്ച് പഞ്ചായത്ത് ഓഫീസ് കെട്ടിടം റീ വയറിംഗ് |
| കരാറുകാരൻ | ജോസി റാഫേൽ(12% കുറവ് ) |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 231794/- |
| അളവു പുസ്തകം | 43/18-19 |
| ചെലവു വിവരം | ബിൽ നം 56/21-03-19 രൂപ 167000/- (പാർട്ട് ബിൽ) |
| എസ്റ്റിമേറ്റ് & മേൽനോട്ടം | സി.കെ. ജോസഫ്, അസി.എഞ്ചിനീയർ, പാനൽ എഞ്ചിനിയർ (ഇലക്ട്രിക്കൽ), എറണാകുളം ജില്ലാ പഞ്ചായത്ത് |
| | എൻ. സുകുമാരൻ<br>അസി. എക്സി.എഞ്ചിനീയർ, പാനൽ എഞ്ചിനീയർ (ഇലക്ട്രിക്കൽ), എറണാകുളം ജില്ലാ പഞ്ചായത്ത് |
| തുക കൈമാറിയത് | അസി.എഞ്ചിനിയർ, LSGD ഗ്രാമപഞ്ചായത്ത് |

എം സി ബി മാറ്റി സ്ഥാപിച്ച് പഞ്ചായത്ത് ഓഫീസ് കെട്ടിടം റീ വയറിംഗ് ചെയ്യുക എന്ന പ്രവൃത്തിയിൽ 7-ാം ഇനം supply and installation of 20w LEDട്യൂബ് ലൈറ്റ് എന്നതാണ്. 20എണ്ണം സ്ഥാപിച്ചതിന് 1682/-രൂപാ നിരക്കിൽ 33640/-രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. വിപണിയിൽ ഒരു 20w LEDട്യൂബ് ലൈറ്റിന്റെ വില 500/-രൂപയിൽ താഴെയാണ്.ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു. (ആധാരം - ഓൺലൈൻ പർചേസ്)

| നിർമ്മാണ കമ്പിനി | വില |
|---|---|
| സിസ്കാ | 350 |
| വിപ്രോ | 299 |
| ബജാജ് | 223 |
| ഫിലിപ്സ് | 340 |
| ലൂക്കർ | 450 |

ഇവ സ്ഥാപിക്കുന്നതിന് വരുന്ന ലേബറും കുറവായിരിക്കെ ഉയർന്ന നിരക്ക് അനുവദിച്ചത് അധിക ചെലവിനിടയാക്കിയെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നിലവിൽ PWD ഇലക്ട്രിക്കൽ വിഭാഗം പ്രസിദ്ധീകരിച്ചിട്ടുള്ള റേറ്റ് പ്രകാരമാണ് നൽകിട്ടുള്ളതെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. PWD ഇലക്ട്രിക്കൽ വിഭാഗം പ്രസിദ്ധീകരിച്ചിട്ടുള്ള റേറ്റ് പരിശോധിച്ചതിൽ 28 w tube, ഇലക്ട്രോണിക് ചോക്ക്, കോപ്പർ കണ്ടക്ടർ, CRCA ഷീറ്റ് 5mm കനത്തിലുള്ളത് എന്നിവ ഉൾപ്പെടെ സ്ഥാപിക്കുന്നതിന്റെ റേറ്റാണ് ഇത്. ഭൗതിക പരിശോധനയിൽ ഗ്രാമപഞ്ചായത്തിന്റെ രണ്ടാം നിലയിലുള്ള ഹാളിലെ

ഗ്രില്ലിൽ LEDട്യൂബ് ലൈറ്റ് പ്ലാസ്റ്റിക്ക് ടൈ ഉപയോഗിച്ച് കെട്ടിവെച്ചിരിക്കുന്ന നിലയിലാണ് സ്ഥാപിച്ചിരിക്കുന്നത്. 20W LEDട്യൂബ് ലൈറ്റ് ആയതിനാലും ഇതിന് മേൽപ്പറഞ്ഞ സാധനങ്ങൾ ആവശ്യമില്ലാത്തതിനാലും അധികം തുക നൽകാനിടയായി. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-21 സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയിൽ അപാകത - ചെലവ് തടസ്സം 40000/- രൂപ

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയിൽ അപാകത – തടസ്സം 40000/-രൂപ

പ്രോജക്ട് നം- 16/19

(സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി-ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ കുമ്പളങ്ങി സെന്റർ

അടങ്കൽ തുക: 36000000/-

ചെലവ് : 20523043/-രൂപ

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയ്ക്കായി മുൻകൂർ തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് നാളിതുവരെ വീട് പണി ആരംഭിച്ചിട്ടില്ല വിശദ വിവരം ചുവടെ ചേർക്കുന്നു

| ഗുണഭോക്താവ് | മുൻകൂറായി കൈപ്പറ്റിയ തുക<br>(ബിൽ നം/തീയതി,തുക) |
|---|---|
| ബിന്ദു .പി.ജി | 37/18-19,12-3-19, ₹40000/- |

മേൽ പറഞ്ഞ വിഷയത്തിന്മേൽ സ്വകരിച്ച നടപടി സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം13/29-8-19 ന് ലഭ്യമാക്കിയ മറുപടി ഗുണഭോക്താവിന്റെ സ്ഥലം critical area യിലാണെന്നും വീട് പണി പൂർത്തികരിക്കുന്നതിന് ആദ്യ ഗഡു കൈപ്പറ്റിയ തീയതി മുതൽ ആറ് മാസം നിയമാനുസൃതമായ കാലാവധിയുണ്ടെന്നും, ആയതിനാൽ ടിയാരിയുടെ അവസ്ഥ പരിഗണിച്ച് വീട് പണി എത്രയും വേഗം പൂർത്തിയാക്കുന്നതാണ് എന്നുമുള്ള മറുപടി അംഗീകരിക്കുന്നില്ല. കാരണം ആദ്യ ഗഡു കൈപ്പറ്റിയ അഞ്ചു മാസം കഴിഞ്ഞിട്ടും നാളിതുവരെ വീട് പണി ആരംഭിച്ചിട്ടില്ല. വീട് പണി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ മുൻകൂറായി നല്കിയ 40000രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-22 ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ- പണം നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം./<br>പേര് | S033/19, ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം) – 2,00,000/-<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം)–<br>7,00,000/-<br>-----------------<br>9,00,000/- |

| | |
|---|---|
| ചെലവ് | ബിൽ നം. 01/18-19/14.11.18 – 2,00,000/-<br>ബിൽ നം.02/18-19/14.11.18 – 7,00,000/-<br>---------------<br>9,00,000/- |

മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം 9,00,000 രൂപ ഔഷധിയ്ക്ക് നൽകിയെങ്കിലും 8,96,708/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇതിൽ തന്നെ 30.03.19 ലെ 90110869 നമ്പർ ഇൻവോയ്സ് പ്രകാരം ലഭിക്കേണ്ടിയിരുന്ന 4320 രൂപ വില വരുന്ന 180 (180x24=4320) കുപ്പി ഇളനീർ കുഴമ്പ് ലഭിച്ചിട്ടില്ല. അതുപോലെ 28.02.19 ലെ 90105142 നമ്പർ ഇൻവോയ്സ് പ്രകാരം ലഭിക്കേണ്ടിയിരുന്ന പത്ത് പായ്ക്കറ്റ് ദശമൂലകടുത്രയത്തിൽ 9 എണ്ണം മാത്രമേ ലഭിച്ചിട്ടുള്ളൂ. 126 രൂപ വിലവരുന്ന ഒരു പായ്ക്കറ്റ് കൂടി ഇനി ലഭിക്കുവാനുണ്ട്. ആയതിനാൽ ഇനി ലഭിക്കുവാനുള്ള (3292+4320+126) 7738/- രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും, ലഭിച്ചതിനു ശേഷം അവ സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

# 1-23 സർക്കാർ നിർദ്ദേശം പാലിക്കാതെ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തി

സർക്കാർ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിൽ സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നിയമനം നടത്താവൂ എന്ന് 26.02.16 ലെ G.O.(P) No.28/16/Fin സർക്കാർ ഉത്തരവ്, 11.01.19 ലെ 03/2019/ധന സർക്കുലർ എന്നിവയിൽ കർശനമായി നിഷ്കർഷിക്കുന്നു.

എന്നാൽ ജീനാ ജെയിംസ് എന്നയാളെ 01.02.19 മുതൽ 28.02.19 വരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുകയും വൌച്ചർ നമ്പർ 21810137/06.03.19, ചെക്ക് നമ്പർ 600403/06.03.19 എന്നിവ പ്രകാരം 15950 രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിലെ അസി.എൻജിനീയറുടെ കാര്യാലയത്തിൽ നിലവിൽ ക്ലറിക്കൽ തസ്തിക ഇല്ല. ആയതിനാൽ ഇപ്രകാരമുള്ള നിയമനത്തിന് സർക്കാരിൽ നിന്ന് മുൻകൂർ അനുവാദം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും കൂടാതെ ഈ നിയമനം എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന നടത്തിയതാണോയെന്നും അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.
ഭാവിയിൽ ഇപ്രകാരമുള്ള നിയമനങ്ങൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മാത്രം നടത്തേണ്ടതാണ്.

# 1-24 മുൻകൂർ തുക കൈപ്പറ്റിയിട്ടും പ്രിന്ററുകൾ, മരുന്ന്, പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക്

## ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തില്ല -തടസ്സം 134814 രൂപ

സെക്രട്ടറി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിലേക്ക് പ്രിന്ററുകൾ, മരുന്ന്, പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യാൻ കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷന് (3പ്രിന്ററുകൾ) 32616 രൂപയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 102198 രൂപയും നല്കി (മരുന്ന്-29991രൂപ +പാലേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങൾ-72207 രൂപ)യെങ്കിലും നാളിതു വരെ പ്രിന്ററുകൾ, മരുന്ന്, പാലേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം, പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇനം | നല്കിയ തുക | ബിൽ നം/ ചെക്ക്നം,തീയതി |
|---|---|---|---|
| 6/19,എെ.എസ്.ഒ തുടർ പ്രവർത്തനങ്ങൾ,സെക്രട്ടറി | പ്രിന്റർ | 32616/- | 69/18-19,20-3-19 |
| 27/19,പാലിയേറ്റീവ് കെയർ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി | മരുന്ന് | 29991/- | 20/18-19,16-3-19 |
| 27/19,പാലിയേറ്റീവ് കെയർ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി | പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങൾ | 72207/- | 2357311,16-10-18 |
| **ആകെ** | | **134814/-** | |

പ്രിന്ററുകൾ,മരുന്ന്, പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് ഉപകരണങ്ങൾ എന്നിവ ലഭ്യമായ വിവരം രേഖകൾ സഹിതം അറിയിക്കുന്നത് വരെ 134814/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-25 പരസ്യങ്ങൾ നല്കിയതിലെ അപാകത മൂലം നഷ്ടം

പ്രിന്റിംഗ് ക്വട്ടേഷൻ നോട്ടീസ് പരസ്യപ്പെടുത്തുന്നതിനായി സേവ്യർ രാജു എന്ന മലയാള മനോരമ റിപ്പോർട്ടറെയാണ് പരസ്യം നൽകുന്നതിന് പഞ്ചായത്ത് ഏൽപ്പിച്ചിരുന്നത്. ടിയാൾ വിൻഡോ പരസ്യത്തിനു പകരം വിശദമായ പരസ്യം നൽകിയതിനാൽ മനോരമയുടെ 06.06.18 ലെ ഇൻവോയ്സ് നം. KL019406379 പ്രകാരം 43874 രൂപ നൽകേണ്ടിവരുന്നുവെന്നും ഇത് പരിമിതിപ്പെടുത്തി 7193 രൂപ നൽകാൻ 05.09.18 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 01 പ്രകാരം തീരുമാനിച്ചു. ബാക്കി തുക മലയാള മനോരമയ്ക്ക് ചെക്ക് നമ്പർ 600238/01.10.18 പ്രകാരം 36,681 രൂപ നൽകിയിട്ടുണ്ട്. ഇതേ തീയതിയിലെ രണ്ടാം നമ്പർ തീരുമാനം പ്രകാരം അധികം നൽകേണ്ടി വന്ന തുകയ്ക്ക് സാധൂകരണം ലഭിക്കാൻ സർക്കാരിന് അപേക്ഷ നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. സർക്കാരിൽ സാധൂകരണം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. സാധൂകരണം സമയബന്ധിതമായി ലഭിക്കാത്ത പക്ഷം അധികം നൽകിയ തുകയായ 36,681 രൂപ ഉത്തരവാദിയായ

ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അധികം ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ ഇൻവോയ്സ് പരിശോധിച്ചതിൽ നിന്നും ജി.ഒ.(ആർ.ടി) 1/2011/P&ARD തീയതി 04.01.2011 പ്രകാരം ലഭിക്കേണ്ട 15% ഡിസ്കൗണ്ട് ലഭിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ജില്ലാ എഡിഷനിൽ നൽകുന്ന പരസ്യങ്ങൾക്ക് മാത്രമേ മലയാള മനോരമ ഡിസ്കൗണ്ട് നൽകുന്നുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. പ്രാദേശിക എഡിഷനിൽ നൽകുന്ന പരസ്യങ്ങൾക്ക് മറ്റ് പത്രങ്ങൾ ഡിസ്കൗണ്ട് അനുവദിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉചിതമായ തീരുമാനം ഇക്കാര്യത്തിൽ ഭാവിയിൽ കൈക്കൊള്ളേണ്ടതാണ്.

# 1-26 ബഡ്സ് സ്ക്കൂളിന്റെ വാഹനംഇൻഷ്വറൻസ് പ്രീമിയം - നോ ക്ലെയിം ബോണസ് ലഭിക്കാത്തത് സംബന്ധിച്ച്

ബഡ്സ് സ്കൂളിന്റെ വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി ന്യൂ ഇൻഡ്യ അഷ്വറൻസ് കോ ലിമിറ്റഡിന് വൌച്ചർ നം.21801004/27.02.19, ചെക്ക് നം. 600114/27.02.19 എന്നിവ പ്രകാരം 31,918/- രൂപ നൽകിയിട്ടുണ്ട്. ന്യൂ ഇൻഡ്യ അഷ്വറൻസ് കോ ലിമിറ്റഡ് നൽകിയ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റിൽ 50% വരെ നോ ക്ലെയിം ബോണസ് അനുവദിക്കാമെന്നതിന്റെ സൂചനയുണ്ട്. തൊട്ടു മുമ്പത്തെ വർഷം ഇൻഷ്വറൻസ് ക്ലെയിംനടത്തിയിട്ടില്ലെങ്കിൽ, നോ ക്ലെയിം ബോണസായി അടിസ്ഥാന പ്രീമിയത്തിന്റെ 50% വരെ ഇളവ് പ്രീമിയത്തിൽ നിന്ന് അനുവദിക്കാവുന്നതാണ്. ആയതിനാൽ അടിസ്ഥാന പ്രീമിയമായ 26106 രൂപയുടെ 50% – 13053 രൂപ വരെ പ്രീമിയത്തിൽ നിന്ന് ഇളവ് നേടാവുന്നതായിരുന്നു. ഇപ്രകാരം ഇളവ് അനുവദിക്കാതിരുന്നത് തൊട്ടു മുൻപത്തെ വർഷം അപകട ഇൻഷ്വറൻസ് ക്ലെയിം ചെയ്തതുകൊണ്ടാണോയെന്ന് അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ഭാവിയിൽ പഞ്ചായത്തിന് ലഭിക്കാവുന്ന എല്ലാ ഇളവുകളും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-27 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-തടസ്സം 323248രൂപ

സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നമ്പർ /പേര്, നിർവഹണഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക, ബിൽ നം/ചെക്ക് നം | ഹാജരാക്കാത്ത രേഖ, നൽകേണ്ടയാൾ |
|---|---|---|
| 2/19, സാമൂഹ്യസുരക്ഷാമിഷന് വിഹിതം നല്കൽ, സെക്രട്ടറി | 100000രൂപ,പൊതുവിഭാഗം, 13/18-19/25-6-18 | വിനിയോഗ സാക്ഷ്യപത്രം, എക്സിക്യൂട്ടീവ് ഡയറക്ടർ സാമൂഹ്യസുരക്ഷാമിഷൻ |
| 31/19, 15ാം വാർഡിൽ കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, സെക്രട്ടറി | 35000രൂപ, (ബിൽ നം 70/18-19/7-3-19) | വിനിയോഗസാക്ഷ്യപത്രം, E.E,വാട്ടർ അതോറിറ്റി, കൊച്ചി |
| 36/19, 15ാം വാർഡിൽ തെരുവ് വിളക്കിനായി വൈദ്യുതി ലൈൻ | 76032രൂപ, | വിനിയോഗസാക്ഷ്യപത്രം, A.E.E, KSEB മട്ടാഞ്ചേരി |

| | | |
|---|---|---|
| ദീർഘിപ്പിക്കൽ, സെക്രട്ടറി | ബിൽ നം 35/18-19, 23-8-18(11407) ബിൽ നം57/18-19, 19-1-19(64625) | |
| 103/19, 15ാം വാർഡിലെ എം.പി ലാഡ് പ്രവർത്തിക്കായി ബ്ലോക്ക് പഞ്ചായത്തിലേക്ക് തുക നല്കൽ | 50000രൂപ, ബിൽ നം 50/18-19,30-11-18 | വിനിയോഗസാക്ഷ്യപത്രം, ബി.ഡി.ഒ. പള്ളുരുത്തി |
| 163/19,കല്ലഞ്ചേരി റോഡിൽ നിർമ്മാണ പ്രവൃത്തിക്ക് തടസ്സം നിൽക്കുന്നഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 62216രൂപ, ബിൽ നം 63/18-19,23-2-19(59165രൂപ), ചെക്ക് നം 600424/19-3-19(3051രൂപ) | വിനിയോഗസാക്ഷ്യപത്രം, A.E.E, KSEB മട്ടാഞ്ചേരി |
| ആകെ | 323248/-രൂപ, | |

മേൽ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതുവരെ 323248/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ആർജിത അവധി സറണ്ടർ- അധിക തുക അനുവദിച്ചത് മൂലമുള്ള നഷ്ടം

05.01.18 ൽ അഡീഷണൽ ചീഫ് സെക്രട്ടറി, ത.സ്വ.ഭ.വ. പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ L.S.G.D/IB1/344/16/L.S.G.D നമ്പർ സ്പഷ്ടീകരണം പ്രകാരം, ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ്മാർക്ക് പതിനഞ്ച് ദിവസത്തിന് ഒന്ന് എന്ന നിരക്കിൽ ഒരു വർഷം പരമാവധി 15 അവധി എന്ന പരിധിക്ക് വിധേയമായി ആർജിതാവധിയ്ക്ക് അർഹതയുണ്ടെന്നും ഇത്തരത്തിൽ ആർജിക്കുന്ന അവധിയിൽ നിന്നും വിനിയോഗിച്ച അവധി കുറച്ചതിനുശേഷം ബാക്കി ഒരു ധനകാര്യ വർഷം 30 ൽ കവിയാതെ ആർജിതാവധി സറണ്ടർ ചെയ്യാവുന്നതുമാണ്.

പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീ.സജിൽമോൻ. എം.വി.യ്ക്ക് 2018-19 വർഷം 20 ദിവസത്തെ ആർജിത അവധി സറണ്ടർ ശമ്പളമായി വൗച്ചർ നം.21801051/ 12.03.19, ചെക്ക് നമ്പർ 600410/ 12.03.19 – 14,280/-രൂപ നൽകിയിട്ടുണ്ട്.

ശ്രീ. സജിൽമോൻ 2017-18 വർഷം പതിനഞ്ച് ദിവസം ആർജിത അവധി സറണ്ടർ ചെയ്തിട്ടുണ്ട്. ആയതിനാൽ മുൻവർഷങ്ങളിലെ അവധി സറണ്ടർ ചെയ്തതിന് ശേഷം നീക്കിയിരിപ്പ് ഇല്ലാത്തതിനാൽ ശ്രീ സജിൽമോന് 5 ദിവസം ആർജിത അവധി അധികമായി സറണ്ടർ ചെയ്യാൻ അനുവദിച്ചതായി കണ്ടു (21420x5/30=3570). ശ്രീ. സജിൽമോന്റെ ലീവ് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്നെങ്കിൽ അക്കാര്യം രേഖകൾ സഹിതം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ലീവ് അക്കൗണ്ടിൽ ബാലൻസ് ഇല്ലായിരുന്നു എന്ന് പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. സജിൽമോനിൽ നിന്നും, അധികം നൽകിയ ആർജിതാവധി ശമ്പളം ₹3570/- തിരികെ ഈടാക്കേണ്ടതാണ്. ഒപ്പം സമാനമായ കേസുകളിൽ ലീവ് അക്കൗണ്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

# 3-2 കെർബ് വാളിന്റെ അളവ് കുറവ് ചെയ്തില്ല – അധികം നൽകിയത് 56687/-

താഴെപ്പറയുന്ന പ്രോജക്റ്റുകളിൽ താഴ്ന്ന സ്ഥലങ്ങൾ ഫില്ല് ചെയ്ത് ഫുട്പാത്ത് നിർമ്മിച്ചിരിക്കുന്നതിന്റെ ഭാഗമായി കെർബ് വാൾ കൂടി നിർമ്മിച്ചിട്ടുണ്ട്. ഫില്ല് ചെയ്ത അളവിൽ തന്നെ റോഡ് കോൺക്രീറ്റ് ചെയ്തതായി അളവ് രേഖപ്പെടുത്തിയാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. ഇപ്രകാരം ചെയ്യുമ്പോൾ കോൺക്രീറ്റ് ചെയ്ത അളവിൽ നിന്നും കെർബ് വാളിന്റെ അളവ് കുറവു ചെയ്യേണ്ടതാണ്. കെർബ് വാളിന്റെ അളവ് കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

എ)

| | |
|---|---|
| പ്രവൃത്തി | അഴീക്കത്തറ കോളനി സമഗ്രവികസനം |
| കരാറുകാരൻ | സി.ജെ പോൾ (ഐറ്റം റേറ്റ്) |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 1296368 |
| അളവു പുസ്തകം | 41/17-18 |
| ചെലവു വിവരം | സാങ്ഷൻ ഓർഡർ നം 351/17-18 തീയതി 27-03-18 രൂപ 604155/-<br>ബിൽ നം 27/24-12-18 രൂപ 692213/- |
| നിർമ്മിച്ചിരിക്കുന്നകെർബ് വാളിന്റെ അളവ് | 10.50 x 0.175x 0.25<br>40x0.175 x0.325<br>2x90.5x 0.175 x0.25 |
| കോൺക്രീറ്റ് ചെയ്തതിന്റെ വിശദാംശം | 1:4:8 cc 10cm കനത്തിലും 90.5 മീറ്റർ നീളം 1:2:4 cc 10cmഉം ബാക്കി ഭാഗം 5cm കനത്തിലുമാണ് ചെയ്തിരിക്കുന്നത് |
| 1:4:8 ccൽ നിന്നുംകുറവു | 10.50x 0.175x 0.10 = 0.183 $m^3$ |

| | |
|---|---|
| ചെയ്യേണ്ട അളവും തുകയും | 40x0.175 x0.10 = 0.70<br>2x90.5x 0.175 x0.10=3.1675<br>ആകെ = 4.0505 $m^3$ @5674/$m^3$ =22983/- |
| 1:2:4 ccൽ നിന്നുംകുറവു ചെയ്യേണ്ട അളവും തുകയും | 10.50 x 0.175x 0.05 = 0.092 $m^3$<br>40x0.175 x0.05= 0.35<br>2x90.5x 0.175 x0.10=3.1675<br>ആകെ = 3.6095 $m^3$ @4495/$m^3$= 16225/- |
| ആകെ കുറവു ചെയ്യേണ്ട തുക | 39208/- ( 22983+ 16225) |

ബി)

| | |
|---|---|
| പ്രവൃത്തി | പോൾ തെരുവിപ്പറമ്പിൽ ലിങ്ക് റോഡ് കാന നടപ്പാത നിർമ്മാണം വാർഡ് -4 |
| കരാറുകാരൻ | മിഥുൻ (എസ്റ്റിമേറ്റ് നിരക്ക് ) |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 449772/- |
| അളവു പുസ്തകം | 52/18-19 |
| ചെലവു വിവരം | ബിൽ നം 21/27-11-18 രൂപ 449772/- |
| നിർമ്മിച്ചിരിക്കുന്നകെർബ് വാളിന്റെ അളവ് | 74.5x 0.175x0.30 |
| കോൺക്രീറ്റ് ചെയ്തതിന്റെ വിശദാംശം | 1:4:8 cc 10cm കനത്തിലും 1:2:4 cc 5cm കനത്തിലുമാണ് ചെയ്തിരിക്കുന്നത് |
| 1:4:8 ccൽ നിന്നുംകുറവു ചെയ്യേണ്ട അളവും തുകയും | 74.5x 0.175x0.10 =1.304 $m^3$ @6541/$m^3$ = 8530/- |
| 1:2:4 ccൽ നിന്നുംകുറവു ചെയ്യേണ്ട അളവും തുകയും | 74.5x 0.175x0.05 =0.652 $m^3$ @8008.03/$m^3$ = 5221/- |
| ആകെ കുറവു ചെയ്യേണ്ട തുക | 13751/-(8530 + 5221) |

സി)

| | |
|---|---|
| പ്രവൃത്തി | എം.വി. രാമൻ റോഡ് പടിഞ്ഞാറ് വശംകാന നടപ്പാത നിർമ്മാണം |
| കരാറുകാരൻ | മാത്തപ്പൻ (എസ്റ്റിമേറ്റ് നിരക്ക് ) |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 300000/- |
| അളവു പുസ്തകം | 16/18-19 |

| | |
|---|---|
| ചെലവു വിവരം | ബിൽ നം 39/27-02-19<br>രൂപ 300000/- |
| നിർമ്മിച്ചിരിക്കുന്നകെർബ് വാളിന്റെ അളവ് | 32.60x0.175x0.30 |
| കോൺക്രീറ്റ് ചെയ്തതിന്റെ വിശദാംശം | 1:4:8 cc 10cm കനത്തിലും 1:2:4 cc 5cm കനത്തിലുമാണ് ചെയ്തിരിക്കുന്നത് |
| 1:4:8 ccൽ നിന്നുംകുറവു ചെയ്യേണ്ട അളവും തുകയും | 32.60x0.175x0.30 = 0.570 $m^3$ @6541/$m^3$= 3728 |
| 1:2:4 ccൽ നിന്നുംകുറവു ചെയ്യേണ്ട അളവും തുകയും | 1:2:4 cc , കെർബ് വാളിന്റെ മീതെ ചെയ്തിട്ടുള്ളതെന്നാണ് മറുപടിയിൽ അറിയിച്ചിരിന്നത്. |
| ആകെ കുറവു ചെയ്യേണ്ട തുക | 3728/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽപ്രവർത്തികളിലെ കെർബ് വാളിന്റെ അളവ് കുറവു ചെയ്യാൻ വിട്ടുപോയതാണെന്നും അധികം നൽകിയ തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കാം എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഈടാക്കേണ്ട തുകയുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| ഉപഖണ്ഡിക | തുക |
|---|---|
| എ | 39208 |
| ബി | 13751 |
| സി | 3728 |
| ആകെ | 56687 |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ (അസി. എഞ്ചിനിയർ) ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

# 3-3 കൃഷി ഭവന് അടിസ്ഥാന സൗകര്യ വികസനം - അധിക വില നൽകി ലാപ്ടോപ്പ് വാങ്ങി

| | |
|---|---|
| പ്രോജക്ട് നം., പേര് | S0153/18-19, കൃഷി ഭവന് അടിസ്ഥാന സൗകര്യ വികസനം |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം) -1,49,600/- |
| ചെലവ് | ബിൽ നം. 01/18-19/25.01.19- 1,07,600<br>ബിൽ നം. 10/18-19/25.01.19- 42,000<br>--------------------------------------------<br>1,49,600/- |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | **കൃഷി ഓഫീസർ** |

കൃഷി ഭവന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ-1, ലാപ് ടോപ്പ് -1, ഫോട്ടോ കോപ്പിയർ -1, മേശ-1, കസേര-3 എന്നിവ വാങ്ങിയിട്ടുണ്ട്. ലാപ് ടോപ്പ് വാങ്ങുന്നതിനായി

ലഭിച്ച ടെൻഡറുകളുടെ താരതമ്യം താഴെ ചേർക്കുന്നു.

| ആർ.ജെ.എന്റർപ്രൈസസ് | സെം സിസ്റ്റംസ് |
|---|---|
| ACER Core i3/4GB RAM, 1.T.B HDD, DVD DRIVE, WINDOWS 10 PRE LOADED, LED MONITOR | ACER Core i3 7GEN/4GB RAM, 1.T.B HDD, WINDOWS, LED MONITOR 15.6", CARRY BAG |
| വില -32,000/- | വില -33,925/- |

ഒരുപോലെയുള്ള സ്പെസിഫിക്കേഷനാണ് രണ്ട് ഡീലർമാരും വാഗ്ദാനം ചെയ്തത്, ക്യാരിബാഗ് എല്ലാ ഡീലർമാരും നൽകുന്നതാണ്. ഡി.വി.ഡി ഡ്രൈവ് ആർ.ജെ.എന്റർപ്രൈസസ് ആണ് വാഗ്ദാനം ചെയ്തിട്ടുള്ളത്, ഇത് മാത്രമാണ് രണ്ട് സ്പെസിഫിക്കേഷനും തമ്മിലുള്ള വ്യത്യാസം. കൂടാതെ ഇവരുടെ ലാപ് ടോപ്പിന് 1925 രൂപ വിലക്കുറവുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ അഭിപ്രായ പ്രകാരം സെം സിസ്റ്റംസിൽ നിന്നും 1925 രൂപ അധികം നൽകിയാണ് ലാപ് ടോപ്പ് വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആർ.ജെ എന്റർപ്രൈസസിന്റെ ലാപ് ടോപ്പിന്റെ പ്രോസസർ core i3 7 gen ആയിരുന്നില്ല സെം സിസ്റ്റംസിന്റേത് core i3 7 gen ആയിരുന്നു എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം പ്രോക്യൂർമെന്റ് കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ആർ.ജെ.എന്റർപ്രൈസസിന്റെ ലാപ് ടോപ്പ് – warranty 3 years, windows 10 preloaded, സെംസിസ്റ്റംസ്- warranty 3 years, windows 10 എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ CORE i3 7 GEN ഫെബ്രുവരി 2017 ലും 8 GEN ഡിസംബർ 2017 ലുമാണ് ലോഞ്ച് ചെയ്തത്. ഡിസംബർ 2018 ൽ നടത്തിയ ഈ വാങ്ങലിന്റെ സ്പെസിഫിക്കേഷനിൽ ജനറേഷൻ ഏതെന്ന് പ്രത്യേകം പറഞ്ഞിരുന്നില്ല. ആയതിനാൽ ആ സമയത്ത് പ്രചാരത്തിലുണ്ടായിരുന്ന core i3 8th generation ആകാം ആർ.ജെ.എന്റർപ്രൈസസ് വാഗ്ദാനം ചെയ്തത്. ഇക്കാരണത്താൽ മറുപടി അംഗീകരിക്കുന്നില്ല. അധികചെലവായ 1925 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കുന്നതിന് ഭരണ സമിതിക്ക് ശുപാർശ ചെയ്യുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1332125 | പൊതു ശ്മശാനം | 874697 | 457428 |
| ബ്ലോക്ക് പഞ്ചായത്ത് | | 20400 | നെൽകൃഷി വികസനം | 20400 | |
| ബ്ലോക്ക് പഞ്ചായത്ത് | | 100000 | പാലിയേറ്റീവ് കെയർ | 100000 | |
| ബ്ലോക്ക് പഞ്ചായത്ത് | | 230000 | ഭിന്നശേഷി സ്കോളർഷിപ്പ് | 230000 | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 515000 | ഭജനമഠം റോഡ് | 515000 | |
| ജില്ലാ പഞ്ചായത്ത് | | 1000000 | ശാസ്ത്രി റോഡ് | 812214 | 187786 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ സ്ഥാപിക്കൽ | അക്കൌണ്ട് ട്രാൻസ്ഫർ | 35000 | 35000 | 0 |
| കെ.എസ്.ഇ.ബി | ലൈൻ എക്സ്ടെൻഷൻ | ടി | 76032 | 76032 | 0 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | KURDFC | 13996400 | -- | --- | -- | 13996400 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 819/-വരവുണ്ട്

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ |
|---|---|---|---|---|
| 2016-17 | 2-4 | 819 | വികാർ | 118120102771/29-11-18 |

| | | | | |
|---|---|---|---|---|
| | | | സെന്റ് പീറ്റേഴ്സ് ചർച്ച് | |

# 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8. ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79733570 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75303679 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 62182 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 556005 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3570 | ബി.അജിത, സെക്രട്ടറി |
| 3-2 | | 56687 | എൻ.ആർ.ശാരദ അസി.എഞ്ചിനിയർ |
| 3-3 | | 1925 | സഹീദ, കൃഷി ഓഫീസർ |
| **ആകെ** | | **62182** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| **ഖണ്ഡിക നമ്പർ** | **തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 1-19 | 21262 | സഹീദ, കൃഷി |

| | | |
|---|---|---|
| | | ഓഫ്സർ |
| 1-21 | 40000 | സുനിൽ രാജ്, VEO, കുമ്പളങ്ങി സെൻ്റർ |
| 1-24 | 134814 | അജിത, സെക്രട്ടറി -32616/-<br><br>ഡോ.അനിൽ കുമാർ, മെഡിക്കൽ ഓഫീസർ, PHC – 102198/- |
| 1-25 | 36681 | അജിത ബി., സെക്രട്ടറി |
| 1-27 | 323248 | പി.എസ്.രാജൻ, സെക്രട്ടറി -100000/-<br><br>അജിത, സെക്രട്ടറി -223248/- |
| **ആകെ** | **556005** | |

**(സി)** <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിൻ്റെ വിവരം</u>

ഇല്ല

**(ഡി)** <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജിത, സെക്രട്ടറി | സെക്രട്ടറി, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | ഉദയമന്ദിരം, കടവന്ത്ര, കൊച്ചി |
| പി.എസ്. രാജൻ സെക്രട്ടറി | ലഭ്യമാക്കിയില്ല | പട്ടമറ്റം, മഞ്ഞപ്ര പി.ഒ, എറണാകുളം |
| സാഹിദ പി.എം. കൃഷി ഓഫീസർ | കൃഷി ഓഫീസർ കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | ഫാത്തിമ മസ്കാൻ, എം.കെ.രാഘവൻ റോഡ്, പനയപ്പള്ളി, കൊച്ചി |
| എൻ.ആർ. ശാരദ അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | അണ്ണൻ കുളങ്ങര പള്ളുരുത്തി പി.ഒ കൊച്ചി-6 |
| സുനിൽ രാജ്, VEO, കുമ്പളങ്ങി സെൻ്റർ | VEO, കുമ്പളങ്ങി സെൻ്റർ,കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | വടക്കേച്ചിറ പട്ടണക്കാട്, ചേർത്തല |
| ഡോ.അനിൽ കുമാർ മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, PHC കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | ലഭ്യമാക്കിയില്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.ഇ (പി4)1276/00 തീയതി : 12.02.2001 | എല്ലാ ഖണ്ഡികകളും |
| 1996-97 | എൽ.എഫ്.ഇ (പി3)1316/00 തീയതി : 12.02.2001 | എല്ലാ ഖണ്ഡികകളും |
| 1997-98 | എൽ.എഫ്.ഇ(പി3)339/02 15.11.2002 | 43 |
| 1998-99 (വരവ്) | എൽ.എഫ്.ഇ (പി6)1354/04 തീയതി :04.11.05 | 5 |
| 1998-99(ചെലവ്) | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി 23.07.2019 | 8 |
| 1999-2000 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 6 |
| 2000-01 (പ്ലാൻ) | എൽ.എഫ്.ഇ (പി1)1336/03 തീയതി 10.03.2004 | 8 |
| 2000-01 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 9 |
| 2001-02 | എൽ.എഫ്.ഇ(പി6)1014/06 തീയതി : 25.08.2007 | 4 |
| 2001-02(പ്ലാൻ) | എൽ.എഫ്.ഇ (പി1)1335/03 തീയതി 11.03.2004 | 2 |
| 2002-03 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 10 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 2 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 1 |
| 2005-06 | എൽ.എഫ്.ഇ.(പി2)175/08 തീയതി 02.08.08 | 9 |
| 2006-07 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 4 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 1 |

| | | |
|---|---|---|
| 2009-10 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 2 |
| 2010-11 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 2 |
| 2011-12 &12-13 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 11 |
| 2013-14 & 2014-15 | കെ.എസ്.എ.-ഇ.കെ.എം.(പി3)/1817/15 തീയതി.28.01.16 | 11 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 17 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി.10) 1649/2017 തീയതി 09.07.2018 | 16 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി.10) 1116/2019 തീയതി 23.07.2019 | 10 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം

# <u>അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2018-19**സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ സ്ഥാപനത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം**

<u>ന്യൂനതകളുടെ സംഗ്രഹം</u>

1) വസ്തു നികുതിയുടെ കുടിശ്ശിക ഡിമാന്റ് വാർഷിക ധനകാര്യപത്രിക പ്രകാരം 78260/- രൂപയാണ്. എന്നാൽ ഡി.സി.ബി പത്രിക പ്രകാരം 165357/- രൂപയാണ്.

2) ലോൺ രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കാത്തതിനാൽ എ.എഫ്.എസ്. ലെ ലോൺ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3) പ്യൂരിഫിക്കേഷന് ശേഷം വസ്തുനികുതി ഡിമാൻഡിൽ വ്യത്യാസം വരുത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

## ANNEXURE I

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Kumbalangi Grama Panchayat** in Ernakulam District for the year ended on 31.03.2019 in accordance with Section ' 4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of **Kumbalangi Grama Panchayat** for the year 2018-19 subject to the observations appended, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
ERNAKULAM DISTRICT AUDIT OFFICE

## ABSTRACT OF DEFECTS

1. Arrear Demand for Property Tax as per Annual Financial Statement is Rs. 78260/- but as per DCB Statement, it is Rs. 165357/-

2. As Loan register not produced for verification, the correctness of the loan amount AFS could not be verified.

3. After Purification there is difference in the demand of Property Tax. The details regarding the difference are not produced for verification.